## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2627** **13-02-2024 - ൽ മറുപടിയ്ക്ക്**

## മാങ്കാവ് മേത്തോട്ട് താഴം റോഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മാങ്കാവ് മേത്തോട്ട് താഴം റോഡിന് സ്ഥലം ഏറ്റെടുപ്പിനുള്ള തുക അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ? | (എ) | 2018-19 വർക്ക് ബഡ്ജറ്റിൽ മേത്തോട്ട്താഴം-മാങ്കാവ് റോഡ് വീതി കൂട്ടി നവീകരിക്കൽ (ലാന്റ് അക്വിസിഷന് അടക്കം) എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുക 45 കോടി വകയിരുത്തിയിട്ടുണ്ട് (100/- രൂപ ടോക്കൺ പ്രൊവിഷൻ). 2019-20 വർക്ക് ബഡ്ജറ്റിൽ മേൽ പ്രവൃത്തിക്ക് 20% തുക പൊതുമരാമത്ത് വകുപ്പിന് കീഴിൽ വകയിരുത്തിയിരുന്നു.<br><br>തുടർന്ന് സ.ഉ.(സാധാ) 3441/2020/ധന തീയതി 08/06/2020 പ്രകാരം മേൽ പ്രവൃത്തി പൊതു മരാമത്ത് വകുപ്പിൽ നിന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിക്കൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.<br><br>പ്രസ്തുത പ്രവൃത്തി തദ്ദേശ സ്വയം ഭരണ വകുപ്പിലേക്ക് മാറ്റിയതോടൊപ്പം 20% ബജറ്റ് വിഹിതമായ 4.6 കോടി രൂപ തദ്ദേശ സ്വയം ഭരണ വകുപ്പ് ശീർഷകമായ 4217-60-051-94 ലേക്ക് സ.ഉ.(സാധാ) 4807/2020/ധന തീയതി 19/08/2020 പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>അതേ സമയം കോഴിക്കോട് കോർപ്പറേഷൻ അവരുടെ ഓൺ ഫണ്ടിൽ നിന്നും 10.21 കോടി രൂപ ചെലവഴിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് 31.21 കോടി രൂപയുടെയും റോഡ് നിർമ്മാണത്തിന് 41.63 കോടി രൂപയുടെയും ഭരണാനുമതി ഇപ്പോൾ നൽകിയിട്ടുണ്ട്. ബാക്കി തുക അനുവദിക്കുന്നതിനുള്ള ഫയലിൽ സർക്കാർ മുമ്പ് അനുവദിച്ച 4.6 കോടി രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ടിരിക്കുകയാണ്.<br><br>ഭൂമി ഏറ്റെടുപ്പ് പൂർത്തിയായാൽ മാത്രമേ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ എന്നതിനാൽ ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക അനുവദിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ബഹു.അഹമ്മദ് ദേവർകോവിൽ എം.എൽ.എ നൽകിയ കത്ത് Exp-D3/162/2023- |

| | | | |
|---|---|---|---|
| | | | Fin (2653998) നമ്പർ ഫയലിൽ ധന വകുപ്പിന്റെ പരിഗണനയിലാണ്.<br><br>2022-23 ബജറ്റിൽ മാങ്കാവ് മേത്തോട്ട് താഴം റോഡിന് സ്ഥലം ഏറ്റെടുപ്പിനായി തുക ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ